പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട** **30.01.2014-ൽ മറുപടിക്ക്**

**ചോദ്യം നമ്പർ .301**

**<u>മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. തിലോത്തമൻ**<br>**" സി. ദിവാകരൻ**<br>**" ജി. എസ്. ജയലാൽ**<br>**" കെ. അജിത്** | | **ശ്രീ. കെ.ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളികൾക്കുള്ള സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ എത്ര പ്രാവശ്യം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിന് പ്രത്യേകം ക്വാട്ട മണ്ണെണ്ണ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നില്ല. കേരളത്തിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് പൊതുവിതരണ സമ്പ്രദായത്തിലൂടെ ഗാർഹികാവശ്യത്തിനായി (വിളക്കുകത്തിക്കുന്നതിനും പാചകാവശ്യത്തിനും) അനുവദിക്കുന്ന ക്വാട്ടയിൽ നിന്നും ഒരു വിഹിതം മണ്ണെണ്ണയാണ് മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് സമ്പ്രദായത്തിലൂടെ സംസ്ഥാന സർക്കാർ അനുവദിച്ചു വരുന്നത്. കേന്ദ്രസർക്കാരിൽ നിന്ന് 2010 മാർച്ച് വരെയും പ്രതിമാസം 23160 കിലോ ലിറ്റർ മണ്ണെണ്ണ വിതരണത്തിനായി ലഭ്യമായിരുന്നു. അതിനുശേഷം 18756 കിലോ ലിറ്റർ ആയി അലോട്ട്മെന്റ് കുറയുകയുണ്ടായി. വീണ്ടും 2011 ജൂലൈ മുതൽ അലോട്ട്മെന്റ് 15960 കിലോ ലിറ്റർ ആയും 2012 ഏപ്രിൽ മുതൽ 10016 കിലോ ലിറ്റർ ആയും കുറയുകയുണ്ടായി. ഇപ്പോഴും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ത്രൈമാസ അലോട്ട്മെന്റ് 30048 കിലോ ലിറ്റർ ആണ്. (പ്രതിമാസം 10016 കി.ലി) 2012 ഏപ്രിൽ മാസം വരെയും 2532 കി.ലി മണ്ണെണ്ണയാണ് മത്സ്യബന്ധന മേഖലക്കായി വിതരണം ചെയ്തിരുന്നത്. എന്നാൽ ഈ കാലയളവ് മുതൽ മണ്ണെണ്ണയുടെ അലോട്ട്മെന്റ് ക്രമാതീതമായി കുറഞ്ഞിരുന്നതിനാൽ 2525 കി.ലി ആണ് 2012 ഏപ്രിൽ മുതൽ ഇതുവരെയും മത്സ്യ മേഖലയ്ക്കായി നൽകി വരുന്നത്. എന്നാൽ 2014-2015 ബഡ്ജറ്റിൽ |

| | | | |
|---|---|---|---|
| | | | മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് എത്ര ലിറ്റർ മണ്ണെണ്ണ സബ്സിഡി നിരക്കിൽ ഇപ്പോൾ നല്കുന്നുണ്ട്; | (ബി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന പി.ഡി.എസ് മണ്ണെണ്ണയിൽ നിന്നും പരമാവധി 2525 കി.ലി മണ്ണെണ്ണയാണ് മത്സ്യത്തൊഴിലാളികൾക്കു നല്കുന്നത്.<br>താഴെ പറയുന്ന നിരക്കിലാണ് മണ്ണെണ്ണ വിതരണം ചെയ്യുന്നത്.<br>10 എച്ച്.പി വരെ 129 ലി. (പ്രതിമാസം)<br>10 എച്ച്.പി മുതൽ 15 എച്ച്.പി വരെ 136 ലി. (പ്രതിമാസം)<br>15 എച്ച്.പിയ്ക്ക് മുകളിൽ 180 ലി. (പ്രതിമാസം) |
| (സി) | സബ്സിഡി നിരക്കിൽ നല്കുന്ന മണ്ണെണ്ണ മത്സ്യ ബന്ധനത്തിന് തികയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്വാട്ട വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എന്നു മുതൽ വർദ്ധിപ്പിച്ച ക്വാട്ട നല്കിതുടങ്ങുമെന്ന് വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്. കേരളത്തിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് പൊതുവിതരണ സമ്പ്രദായത്തിലൂടെ ഗാർഹികാവശ്യത്തിനായി (വിളക്കുകത്തിക്കുന്നതിനും പാചകാവശ്യത്തിനും) അനുവദിക്കുന്ന ക്വാട്ടയിൽ നിന്നും ഒരു വിഹിതം മണ്ണെണ്ണയാണ് മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് സമ്പ്രദായത്തിലൂടെ അനുവദിച്ചു വരുന്നത്. ആയതിനാൽ ക്വാട്ട വർദ്ധിപ്പിക്കണമെന്ന കാര്യം ഉദിക്കുന്നില്ല.<br>എന്നാൽ 2014-2015 ബഡ്ജറ്റിൽ മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ